പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2639

19.6.2014 ലെ മറുപടിക്ക്

## സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, എ.റ്റി.ജോർജ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

(എ) സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അനുപാതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുപാതം ഏത് അദ്ധ്യയനവർഷം മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ?

(എ) യും (ബി) യും (സി) യും സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസ്സ് ഡിവിഷനുകളെ അടിസ്ഥാനപ്പെടുത്തി 1:45 ആണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ സ്കൂളടിസ്ഥാനത്തിലാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിരിക്കുന്നത്. അതു പ്രകാരം ഒന്നുമുതൽ അഞ്ചു വരെയുള്ള ക്ലാസുകളിൽ 60 വിദ്യാർത്ഥികളുണ്ടെങ്കിൽ രണ്ട് അദ്ധ്യാപകരെ നിയമിക്കണമെന്നാണ് വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നത്. ആറുമുതൽ 8 വരെ ക്ലാസുകളിൽ 1:35 പ്രകാരവുമാണ് അനുപാതം. എന്നാൽ 2013-14 ലെ തസ്തികനിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾ തല അനുപാതം (യു.പി.യിൽ 1:35 ഉം എൽ.പി. യിൽ 1:30 ഉം) തന്നെയാണ് ബാധകം.

സെക്ഷൻഓഫീസർ